ഉത്തരം

(എ) ഉണ്ട്.

(ബി) മാരകരോഗം പിടിപെട്ട് ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് ധനസഹായം നൽകുന്നതിനാണ് പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നത്.

മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല

334 [2392] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല സംസ്ഥാനത്തുള്ള ഏറ്റവും വലിയ ഉപജില്ലകളിലൊന്നാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉപജില്ലയിലെ സ്കൂളുകളുടെ എണ്ണം, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം എന്നിവ വ്യക്തമാക്കാമോ;

(സി) അട്ടപ്പാടി അടക്കമുള്ള പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രത്യേക മേൽനോട്ടം പരിഗണിച്ച് മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല വിഭജിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനുള്ള നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണാർക്കാട് ഉപജില്ലയിൽ 48 ഗവൺമെന്റ് സ്കൂളുകളും 50 എയിഡഡ് സ്കൂളുകളുമുൾപ്പെടെ മൊത്തം 98 സ്കൂളുകളും അവയിൽ ആകെ കൂടി 35,709 വിദ്യാർത്ഥികളും (ഗവൺമെന്റ് സ്കൂളിലെ വിദ്യാർത്ഥികൾ 12,543, എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ 23,166) 1264 അദ്ധ്യാപകരുമാണുള്ളത്. ഇതിൽ ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകർ 422-ഉം എയിഡഡ് സ്കൂൾ അദ്ധ്യാപകർ 842-ഉം ആണ്.

(സി ആന്റ് ഡി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly